# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3826** | **20.07.2015 ൽ മറുപടിയ്ക്ക്**

## സർക്കാർ സ്കൂളുകളുടെ ആധുനികവൽക്കരണം

| ചോദ്യം<br>ശ്രീ. എ. പ്രദീപ്കുമാർ | | ഉത്തരം<br>ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സർക്കാർ സ്കൂളുകളെ അന്തർ ദേശീയ നിലവാരത്തിൽ ആധുനികവൽക്കരിക്കുന്നതിൽ എത്ര കണ്ട് വിജയിച്ചു എന്ന് വിശദമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിലെ നടക്കാവ് ഗവ. വി.എച്ച്.എസ്. സ്കൂളിൽ അന്തർ ദേശീയ നിലവാരത്തിലുള്ള ആധുനികവൽക്കരണം നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത സ്കൂളിൽ ഇത് 100% വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | എത്ര സ്കൂളുകളെ പ്രസ്തുത നിലവാരത്തിലെത്തിച്ചു എന്നറിയിക്കാമോ; ഇതിനായി എന്ത് തുക ചെലവഴിച്ചു എന്ന് അറിയിക്കാമോ; | (ബി) | 14 കോടി രൂപയുടെ പ്രിസം പദ്ധതിയാണ് നടപ്പിലാക്കിയത്. സർക്കാർ L.P സ്കൂളുകളെല്ലാം തന്നെ ആകർഷകവും ശിശു സൗഹൃദവുമാക്കി മാറ്റിയിട്ടുണ്ട്. |
| (സി) | സർക്കാർ വിദ്യാലയങ്ങളിലെ പശ്ചാത്തല സൗകര്യവികസനം സാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | സർക്കാർ വിദ്യാലയങ്ങളിലെ പശ്ചാത്തല വികസനം പദ്ധതി വിഹിതത്തിന്റെ ലഭ്യതയനുസരിച്ച് ഘട്ടംഘട്ടമായി നടപ്പിലാക്കുന്നു. സർക്കാർ പ്രൈമറി സ്കൂളുകളിൽ ശൗചാലയങ്ങൾ, ടോയ്ലറ്റുകൾ, കുടിവെള്ള സൗകര്യങ്ങൾ, വൈദ്യുതീകരണ പ്രവർത്തനങ്ങൾ, ക്ലാസ്സ് മുറികൾ വേർതിരിക്കൽ, കോമ്പൗണ്ട് വാൾ സ്ഥാപിക്കൽ, ക്ലാസ്സ് മുറികളിൽ ടൈൽ പാകൽ തുടങ്ങിയവ നടന്നു കഴിഞ്ഞു |
| (ഡി) | നിലവിലുള്ള സൗകര്യങ്ങൾ നിലനിർത്തുന്നതിന് നടപടികൾ സ്വീകരിക്കാമോ ? | (ഡി) | നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ